പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3490 — 16.12.2015 - ൽ മറുപടിയ്ക്ക്

## അനാഥാലയങ്ങളുടെ പ്രവർത്തനം

ചോദ്യം — ഉത്തരം

ശ്രീ. കെ.രാധാകൃഷ്ണൻ — ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ ഏതെല്ലാം മാനേജ്മെന്റുകളുടെ കീഴിലാണെന്നും അവ സ്വകാര്യ വ്യക്തികളാണോ ചാരിറ്റബിൾ സ്ഥാപനങ്ങളാണോയെന്നും വിശദമാക്കാമോ ; | (എ) | ദ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട് 1960 സെക്ഷൻ 20 അനുസരിച്ച് ഓരോ സ്ഥാപനത്തിനും ഓരോ മാനേജ്മെന്റ് കമ്മറ്റി ഉണ്ടായിരിക്കേണ്ടതാണ്. മാനേജ്മെന്റ് കമ്മറ്റിയുള്ള ഹോമുകൾക്കാണ് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നല്കി വരുന്നത്. അപ്രകാരമുള്ള അനാഥാലയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിൽ കാല താമസം വരുത്തുകയോ വീഴ്ച വരുത്തുകയോ ചെയ്ത് സ്വകാര്യ-ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് വൻ തുക ധനസഹായം അനുവദിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. സർക്കാർ നേരിട്ട് അനാഥാലയങ്ങൾ നടത്തുന്നില്ല. ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട് പ്രകാരം സ്ഥാപനങ്ങൾ നടത്തുന്നത് മാനേജ്മെന്റ് കമ്മറ്റികളാണ്. അവയെ റഗുലേറ്റ് ചെയ്യുകയും സൂപ്പർ വൈസ് ചെയ്യുകയും ചെയ്യുന്നത് ഓർഫനേജ് കൺട്രോൾ ബോർഡാണ്. |
| (സി) | എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും ഏതെല്ലാം ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് തുകയുടെ വിശദാംശം ഉൾപ്പെടെ വെളിപ്പെടുത്താമോ ; | (സി) | ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥലയങ്ങളെ സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന പക്ഷം അവിടെയുള്ള അന്തേവാസികളുടെ മെയ്ന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഗ്രാന്റിന് സർക്കാർ അനുമതിയുള്ള അന്തേവാസികളുടെ എണ്ണത്തിനനുസൃതമായി കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഒരു തുക നൽകി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങൾ തുക വിനിയോഗിക്കുന്നതിലും അവയുടെ ദൈനംദിന പ്രവർത്തനങ്ങളിലും സത്യസന്ധത പുലർത്തുന്നുണ്ടെന്ന് | (ഡി) | ഗ്രാന്റ് ഇൻ എയ്ഡ് വിതരണത്തിൽ ശക്തമായ മാനദണ്ഡം നിലവിലുണ്ട്. ഓരോവർഷവും സ്ഥാപനങ്ങൾക്ക് മുൻവർഷം ചെലവഴിക്കുന്ന തുകയിൽ |

| | | | |
|---|---|---|---|
| | ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിയ്ക്കുമോ ? | | സർക്കാർ അനുവദിക്കുന്ന വിഹിതമാണ് ഗ്രാന്റായി നല്കുന്നത്. ഇതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ കണക്ക് ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് ആഡിറ്റ് ചെയ്ത് അർഹരായ കുട്ടികളുടെ ലിസ്റ്റും സ്കൂൾ അറ്റന്റൻസ് സർട്ടിഫിക്കറ്റും സഹിതം നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കിയ അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനും സമർപ്പിക്കണം. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് സ്ഥാപനം സന്ദർശിച്ച് ആഡിറ്റ് നടത്തി അർഹത സർട്ടിഫിക്കറ്റ് നല്കുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സ്ഥാപനം സന്ദർശിച്ച് വിശദമായ പരിശോധന നടത്തി അർഹത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി എന്നിവർക്ക് തുക നല്കുന്നു. ഇവയുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട തുക സ്ഥാപനത്തിന് നല്കി വരുന്നു. ദൈനം ദിന പ്രവർത്തനങ്ങൾ വിലയിരുത്താൻ ജില്ലാ സാമൂഹ്യനീതി ഓഫീസർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് എന്നിവയുടെ പരിശോധനയ്ക്ക് പുറമേ സാമൂഹ്യനീതി ആഫീസിൽ നിന്നും ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ ആനുവൽ വെരിഫിക്കേഷൻ, പോലീസ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ഭക്ഷ്യ സുരക്ഷ എന്നിവരുടെ നേതൃത്വത്തിൽ പരിശോധനകളും നടത്തി വരുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനും, എം എൽ എ മാർ അംഗങ്ങളുമായുള്ള മോണിറ്ററിംഗ് കമ്മറ്റിയും പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

ലൈബ്രറിയിൽ ലഭ്യമാണ്